സംസ്കാരത്തിന്റെ ചിഹ്നങ്ങൾ ബഷീർക്കൃതികളിൽ:

ബഷീറിന്റെ രചനകളെയാകെ അടിസ്ഥാനമാക്കിയുള്ള ഒരു പഠനം

(THE SIGNS OF CULTURE IN THE WORKS OF BASHEER : A STUDY BASED ON THE TOTAL WORKS OF BASHEER)

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്നത് .

പ്രബന്ധസംഗ്രഹം

ജോസഫ് എം.എം.

Guide - Dr. K. Saramma

സെന്റ് ബർക്ക്മാൻസ് കോളേജ്
ചങ്ങനാശ്ശേരി

2012 ഏപ്രിൽ

ആമുഖം

പ്രസിദ്ധീകരിക്കപ്പെട്ടതുമുതൽ ഏറെ വായിക്കപ്പെടുകയും പഠിക്കപ്പെടുകയും ചെയ്തവയാണ് വൈക്കം മുഹമ്മദ്ബഷീറിന്റെ രചനകൾ. ഈ പ്രബന്ധരചന യുടെ കാലഘട്ടത്തിലാണ് ബഷീറിന്റെ ജന്മശതാബ്ദിയും വന്നുചേരുന്നത്. മല യാളത്തിലെ ഒരു രചയിതാവിനും ലഭിച്ചിട്ടില്ലാത്തവിധം നൂറുകണക്കിന് വിലയി രുത്തലുകളാണ് ഈ കാലയളവിൽ മാത്രം അദ്ദേഹത്തെ തേടിയെത്തിയത്.

പാരമ്പര്യരചനകളുടെ വഴികളിൽനിന്ന് ഉള്ളടക്കത്തെ സംബന്ധിച്ചും ആഖ്യാനരീതിയെ സംബന്ധിച്ചും രൂപശില്പത്തെ സംബന്ധിച്ചും ബഷീർകൃതി കൾ വഴിമാറി സഞ്ചരിച്ചുവെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്. എങ്കി ലും, അവയിൽ പ്രത്യയശാസ്ത്രപരമായ ബോധാബോധസാന്നിദ്ധ്യങ്ങളായി നില കൊള്ളുന്ന സാംസ്കാരിക അടയാളപ്പെടുത്തലുകളെ സമഗ്രരചനകളുടെ അടി സ്ഥാനത്തിൽ പഠനവിധേയമാക്കിയിട്ടില്ലെന്നുതന്നെ പറയാം. ലോകത്തിന് കുഴ പ്പമില്ലെന്ന് വിശ്വസിക്കുമ്പോൾ ചരിത്രം എന്നത് കുഴപ്പമില്ലാത്ത ലോകത്തെ നില നിർത്തുന്ന രാജാവിന്റെയും ഭരണാധികാരിയുടെയും ആയി മാറുന്നു; സാഹിത്യ മെന്നത് 'ധീരോദാത്തനതിപ്രതാപഗുണവാനു'മായ നായകന്റേതും. സാമ്പ്രദായി കചരിത്രരചനയിൽ ചരിത്രമെന്നു പറഞ്ഞ് കുറെ ഭൂതകാലസംഭവങ്ങളെ അവതരി പ്പിക്കുകയും അവയിൽ നായകസ്ഥാനത്ത് അധീശശക്തികളും ഭരണകർത്താക്കളും മാടമ്പികളും സ്ഥാനം പിടിക്കുകയും ചെയ്യുന്നു. അവരേ ഭൂതകാലത്തുണ്ടായിരു ന്നുള്ളൂ എന്ന് കരുതുന്നതാണ് ചരിത്രമെന്ന് പഠിതാക്കളെ ധരിപ്പിക്കുകയാണ് അതിന്റെ ധർമ്മം. ഇത്തരം ചരിത്രപാഠങ്ങൾ സാമൂഹികമായ തിരുത്തലുകളെ നിരാ കരിക്കുകയും വിശ്വാസവ്യാവഹാരികത്തിൽ തുടരാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇത്തരം നായകരല്ലാത്തവരും അന്നുണ്ടായിരുന്നു എന്നും അവരുടെ ചരിത്രം വേറെ ആണെന്നും കാട്ടുന്ന ചരിത്രരചനയുടെ വഴി ഉണ്ട്. ഇത് സാംസ്കാ

രികവിമർശനത്തിന്റെ വഴിയാണ്. സാഹിത്യത്തിൽ ഇത്തരം ലക്ഷണപ്പിശകുള്ള വരെ നായകരും ചരിത്രനായകരുമാക്കി പേരില്ലാദേശങ്ങളുടെ കഥകളെഴുതിയ എഴുത്തുകാരനാണ് ബഷീർ. ഇവിടെ സാഹിത്യരചനതന്നെയും സാംസ്കാരിക പഠനപ്രവർത്തനമായി മാറുന്നു. അദ്ദേഹത്തിന്റെ രചനകൾ വായിക്കുമ്പോൾ അവിടങ്ങൾ അനാഥത്വം പേറി അലഞ്ഞുതീരുന്ന സ്ത്രീകളെയും കുട്ടികളെയുംകൊണ്ട് നിറയുന്നതായി കാണുന്നു. വ്യവസ്ഥാപിതസാഹിത്യത്തിൽ ഭരണകൂടവും മതവും സ്ത്രീയെയും കുട്ടിയെയും തള്ളിക്കളയുന്നത് വ്യാവഹാരികത്തിന്റെ അംഗീകൃതരീതിയാണെന്ന് സമ്മതിച്ചുപോരുകയും അതിനോട് പ്രതിഷേധിക്കാതിരിക്കുകയും ചെയ്യുന്നതാണ്. തങ്ങളുടേതല്ലാത്ത കാരണങ്ങളുടെ ഇരകളാക്കപ്പെട്ട സ്ത്രീകളും കുട്ടികളും എന്നു നിർണ്ണയിക്കുമ്പോൾ കാരണം എന്താണെന്നുകൂടി നിർണ്ണയിക്കേണ്ടി വരുന്നുണ്ട്. അങ്ങനെയാണ് ഭരണകൂടവും മതവും സൃഷ്ടിച്ചു പാലിക്കുന്ന വിശ്വാസവ്യാവഹാരിക കാഴ്ചകളിലേയ്ക്ക് പഠിതാവ് എത്തിച്ചേരുന്നത്. അത്തരം വായനാസാധ്യതകളെ ബഷീറിന്റെ കൃതികൾ എത്രത്തോളം അനുവദിച്ചുതരുന്നു എന്നാണ് പ്രകൃതാന്വേഷണം കണ്ടെത്താൻ ശ്രമിക്കുന്നത്.

മുസ്ലീം മതബോധപരിസരത്തിന്റെ ചിട്ടവട്ടങ്ങളിൽ ജനിച്ച്, ഖുറാനികമായ ഒരു വിശ്വാസവ്യാവഹാരികത്തിനുടമയായ് വളർന്നുവന്നവനാണ് ബഷീറിലെ കുട്ടി. മനസ്സുകൊണ്ടും ശരീരംകൊണ്ടും സ്വാതന്ത്ര്യം കാട്ടിയും മുതിർന്നവരുടെ അനാവശ്യങ്ങൾ ആവശ്യങ്ങളായിക്കണ്ട് ഇടപെട്ടും ഉമ്മയിൽനിന്നും ബാപ്പയിൽനിന്നും മുതിർന്നവരിൽ നിന്നും ആവശ്യത്തിനു തല്ലും ശകാരവും വാങ്ങിക്കൊണ്ടിരുന്ന ആ കുട്ടി യൗവനത്തിലെത്തുമ്പോൾ വൈക്കം സത്യാഗ്രഹത്തിനും ഗാന്ധിജിയെ കാണാനും പോയി സ്കൂളിൽ ദമിതനായി പുറത്തേക്കു പോകുന്നു. അധികാരികൾക്കും വിധേയമിർക്കിടയിലെ വൈരുദ്ധ്യങ്ങളോടു കലഹിച്ച് 'ഭഗത്സിങ്ങാ'യി മാറി; സമര ഭടനായി മാറി; രഹസ്യപ്രവർത്തകനായി മാറി.കലാപങ്ങൾക്കിടയിലെ ഒരു വിസന്ധിയിൽ വീട്ടിൽ മടങ്ങിയെത്തി. ഉമ്മ മുടങ്ങാതെ വിളമ്പികാത്ത്വച്ച

കഞ്ഞി ഒരിക്കൽ മാത്രം കുടിച്ചു മടങ്ങി. സ്വാതന്ത്ര്യംകൊണ്ടുള്ള മക്കളുടെ മടങ്ങിവരവും കാത്തിരിക്കുന്ന ആയിരക്കണക്കിന് അമ്മമാരെ ഓർത്ത് ആ യുവാവ് നാടുവിട്ട് നാടുചുറ്റി നാടറിഞ്ഞു നടന്നു. ചെരുപ്പുകുത്തിയും ലുംഫിറ്ററും, കപ്പൽ പണിക്കാരനും , അടുക്കളക്കാരനും, കൈനോട്ടക്കാരനും, മാജിക്കുകാരനും, അധ്യാപകനും മരുന്നുവ്യാപാരിയും സൂഫിയും ഹിന്ദുസന്യാസിയും സംരക്ഷകനും സംരക്ഷിതനും വഞ്ചിതനുമായി,കാരുണ്യമേറ്റുതളിർത്തും ക്രൗര്യമേറ്റു വിളർത്തും ജീവിച്ചു മടങ്ങിയെത്തുന്നു.

എങ്ങനെയും ജീവിക്കണം; എങ്ങനെ? മനുഷ്യാവസ്ഥയിൽ എഴുതപ്പെട്ട എണ്ണമറ്റ അനുഭവങ്ങളുണ്ട് കൈമുതലായി. കാണാൻ മുതലായി ഒരു പേനയും എഴുതി ജീവിക്കാമെന്നു ബഷീർ തീരുമാനിക്കുന്നു. അങ്ങനെ, ജീവിതം നേടിക്കഴിഞ്ഞ് എഴുതാമെന്നും അങ്ങനെ സാഹിത്യം, ആദ്യം സുചിപ്പിച്ച രുചിഭേദങ്ങളുടെ സുഖാന്വേഷണവും ആ വഴിക്ക് ശ്രേഷ്ഠവുമായ ഒന്നാണെന്നുമുള്ള ധാരണയെ തിരുത്തുന്നു. ജീവിക്കാൻ എഴുത്തുതൊഴിലാളിയാകുകയും എഴുത്തിന്റെ ഉൽപാദനവ്യവസ്ഥാപരമായ വൈരുദ്ധ്യങ്ങളോടു കലഹിക്കുകയും ചെയ്തുകൊണ്ട് അവിടെ ഉറച്ചുനിൽക്കുകയാണ് പിന്നീട്. സാഹിത്യത്തെ സമുദായബാഹ്യമായ ഒരു സുഖഭോഗവസ്തവാക്കുന്നതിന് ഇക്കാരണങ്ങളാൽ ബഷീറിനു കഴിഞ്ഞില്ല. ഇന്ന രൂപത്തിൽ ഇന്ന കാര്യങ്ങൾ എഴുതിയാലേ സാഹിത്യമാകു എന്ന വ്യവസ്ഥാപിതത്തെ ബഷീർ തിരസ്കരിച്ചു. ആ രചനകൾ കഥയാണോ, നോവലാണോ, കുറിപ്പാണോ, ആത്മകഥയാണോ, ലേഖനമാണോ, ജീവചരിത്രമാണോ ആർക്കും അറിയില്ല. ഓരോന്നാണെന്ന് ഓരോരുത്തരും പറയുന്നു. വെറുതെ സാധാരണക്കാരന്റെ തീരാത്ത വർത്തമാനമായി, വർത്തമാനം പറയുന്ന ഭാഷയിൽ ആ രചനകൾ ഉണ്ടായിക്കൊണ്ടിരുന്നു. അങ്ങനെ ഭാഷയ്ക്കു മുടന്തുകാലുകളായി 'ആഖ്യയും ആഖ്യാദവും' സ്ഥാപിച്ചതിനെ അദ്ദേഹം തള്ളിക്കളയുകയും ആട്ടിയോടിക്കുകയും ചെയ്തു. എന്നെക്കൂടെ ചേർക്കാമോ എന്നു ചോദിച്ച് 'പാവ

പ്പെട്ട' വാക്കുകൾ ബഷീറിലെ എഴുത്തുകാരന്റെ പിറകെ യാചിച്ചു നടന്നുവെന്നു നിരീക്ഷണം. കേൾക്കാൻ പാടില്ലെന്നു പറഞ്ഞ ശബ്ദങ്ങളും കാണാൻ പാടില്ലെന്നു പറഞ്ഞ കാഴ്ചകളും അവയിൽ നിറഞ്ഞുതൂവി. ഇത് സാഹിത്യത്തെ സാംസ്കാരിക വിമർശനമാക്കുന്നവന്റെ വഴിയാണ്. ആ വഴി ബഷീറിൽ കാണുന്നുവെന്നു തോന്നിയതിനാൽ ഈ പ്രബന്ധരചനയിൽ ബഷീർ കൃതികൾ പഠനവിഷയമായി എന്നു പറയുന്നതാണു കൂടുതൽ ശരി.

ഇത്തരം തിരിച്ചറിവുകളിൽ നിന്നാണ് '***സംസ്കാരത്തിന്റെ ചിഹ്നങ്ങൾ ബഷീർകൃതികളിൽ : ബഷീറിന്റെ രചനകളെയാകെ അടിസ്ഥാനമാക്കിയുള്ള ഒരു പഠനം***' എന്ന ശീർഷകത്തിൽ സാംസ്കാരികപഠനസ്വഭാവമുള്ള ഈ പ്രബന്ധരചനയ്ക്കുള്ള ഉപാദാനങ്ങൾ അന്വേഷിച്ചുതുടങ്ങുന്നത്. 2006 മാർച്ച് മുതൽ 2012 മാർച്ച് വരെയുള്ള കാലയളവിലെ ശ്രമകരമായ വായനയുടെ കൈക്കുറ്റപ്പാടാണ് ഈ പ്രബന്ധം.ബഷീറിന്റെ രചനകളെയാകെ അടിസ്ഥാനപ്പെടുത്തിയെന്നു പ്രബന്ധശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലും എല്ലാ കൃതികളിൽനിന്നുമുള്ള ഉപദാനങ്ങളെ ഈ പ്രബന്ധരചനയിൽ അപഗ്രഥനവിധേയമാക്കിയിട്ടില്ല. എന്നാൽ ബഷീറിന്റെ എല്ലാ രചനകളുടെയും വായനകൊണ്ടു സാധിച്ച ധാരണകളും നിരീക്ഷണങ്ങളും ഈ പഠനത്തിൽ ഇടപെടുകയും സഹവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

പ്രബന്ധഘടന

ആമുഖമായി പ്രബന്ധരചനയുടെ ലക്ഷ്യവും പ്രേരകശക്തിയും, ബഷീറിന്റെ ജീവിതവും രചനകളും, പ്രബന്ധത്തിന്റെ രൂപഘടനയും ഉള്ളടക്കവും ഇവ സംബന്ധിച്ച ധാരണാസംഗ്രഹം അവതരിപ്പിച്ചിട്ടുണ്ട്.

ആറ് അധ്യായങ്ങളിലായി ഈ പ്രബന്ധത്തെ രൂപകല്പനം ചെയ്തിരിക്കുന്നു. ഒന്നാം അദ്ധ്യായത്തിൽ തത്ത്വരൂപീകരണവും പ്രയോഗമാതൃകകളുടെ അവതരണവും സാധിച്ചിരിക്കുന്നു. രണ്ടും മൂന്നും അദ്ധ്യായങ്ങളിലായി ഭരണകൂടത്തെയും

മതത്തെയും വിചാരണവിധേയമാക്കുകയാണ് ചെയ്തിട്ടുള്ളത്. നാലാം അദ്ധ്യായം വ്യവസ്ഥിതി സ്ത്രീജീവിതത്തെ എങ്ങനെ വിലയറ്റതാക്കിയിരിക്കുന്നു എന്നതിന്റെ യാഥാർത്ഥ്യത്തെ ചർച്ചാവിധേയമാക്കിയിരിക്കുന്നു. അഞ്ചാം അധ്യായം കുട്ടികളുടെ ലോകത്തെ സംബന്ധിച്ച സാംസ്കരികചിഹ്നങ്ങളെ അപഗ്രഥനവിഷയമാക്കിയിരിക്കുന്നു. ഉപസംഹാരം എന്ന നിലയിൽ നിഗമനസംഗ്രഹവും ബഷീർകൃതികളെക്കുറിച്ചു സാധിച്ച ഇതരനിരീക്ഷണങ്ങളും തുടർപഠനസാധ്യതകളും അവതരിപ്പിക്കുന്നതാണ് ആറാം അധ്യായം.

അദ്ധ്യായം ഒന്ന്

സാംസ്കാരിക പഠനം സിദ്ധാന്തവും പ്രയോഗവും

ചിഹ്നം : വിവക്ഷയും ധർമ്മവും, ചിഹ്നവ്യവസ്ഥയും ചിഹ്നങ്ങളെക്കുറിച്ചുള്ള പഠനവും, ചിഹ്നങ്ങളുടെ ലോകം, സാഹിത്യത്തിലെ ചിഹ്നങ്ങളും വായനയും. എന്നിങ്ങനെയുള്ള വായനക്രമീകരണത്തിൽ ചിഹ്നങ്ങളെക്കുറിച്ച് സാമാന്യാവലോകനവും ചർച്ചകളും അവതരിപ്പിച്ചിരിക്കുന്നു ആദ്യഭാഗത്ത്. തുടർന്ന്, സംസ്കാരത്തെ സംബന്ധിച്ച വ്യത്യസ്തകാഴ്ചപ്പാടുകളെയും ജീവിതപരിസരങ്ങളിൽ സംസ്കാരം എങ്ങനെ ചിഹ്നവത്കരിക്കപ്പെടുന്നു എന്നതിനെയും സാമാന്യമായി വിശകലനം ചെയ്തിട്ടുണ്ട്. സംസ്കാരപഠനം എന്ന ജ്ഞാനമേഖലയ്ക്ക് ഊർജ്ജമായിത്തീർന്ന സാംസ്കാരിക ഭൗതികവാദത്തിന്റെ ആശയവ്യവസ്ഥ കണ്ടെത്താൻ ശ്രമിക്കുകയും ഒരു നവീനജ്ഞാനമേഖല എന്ന നിലയിൽ സാംസ്കാരികപഠനത്തിന്റെ തത്ത്വ, പ്രയോഗവഴികളെ ആരായുകയും ചെയ്യുന്നു. അങ്ങനെ സാംസ്കാരിക പഠനവും മാർക്സിയൻ ആശയവ്യവസ്ഥകളുമായുള്ള ബന്ധം കണ്ടെത്താൻ കഴിയുന്നു.

മനുഷ്യരുടെ അനുഭവസാകല്യമാണ് സംസ്കാരം. സംസ്കാരം ഉത്പാദിപ്പിക്കപ്പെടുന്നതും ഉപകരണമാക്കപ്പെടുന്നതും പ്രത്യയശാസ്ത്രത്തിനകത്താണ്. പ്രത്യയശാസ്ത്രത്തിൽ അനുഭവമായി തിരിച്ചറിയുന്നതും അറിയാത്തതും അറിയിക്ക

പ്പെടാത്തതുമായ മൂന്നു വ്യവഹാരരീതികൾ ഉൾച്ചേർന്നിട്ടുണ്ട്. അനുഭവമായി അറിഞ്ഞതിനോടു വിശ്വാസം പുലർത്തുകയും അജ്ഞാതവും അജ്ഞേയവുമായവ അങ്ങനെ തുടരാൻ ഇടവരുത്തുകയും ചെയ്യുന്നതിലൂടെ സംസ്കാരം അലംഘനീയമാണെന്നും മൂല്യവത്താണെന്നും സ്ഥാപിക്കപ്പെടുന്നു. ഈ മൂന്നു രീതികളും അനാദിയും മുൻനിശ്ചിതങ്ങളുമാണെന്നും അവയെ മറികടക്കാൻ ശ്രമിക്കപ്പെടുന്നതു നിരർത്ഥകമോ പാപമോ ആണെന്നും വിശ്വസിക്കപ്പെടുന്നു. ഇത് സാധിക്കുന്നത് കർത്തൃത്വവത്കരണത്തിലൂടെയാണ്. കർത്തൃത്വവത്കരണത്തിന്റെ ആന്തരികമായ വിധേയത്വവത്കരണത്തെ തിരിച്ചറിയാൻ അനുവദിക്കപ്പെടാത്തതിനാൽ ആവർത്തനങ്ങളിലൂടെ തുടരുന്ന നിരവധി സ്ഥാനങ്ങളുടെ ഉടമസ്ഥരായി മനുഷ്യർ തനിയെ എന്ന പോലെ മാറുന്നു. അങ്ങനെ, പ്രത്യയശാസ്ത്രം എന്നത് വ്യക്തികൾക്ക് തങ്ങളുടെ അസ്തിത്വത്തിന്റെ യാഥാർത്ഥ്യങ്ങളോടുള്ള ബന്ധങ്ങളുടെ പ്രതിനിധാനമായിത്തീരുന്നു. ഈ ബന്ധമാകട്ടെ വിശ്വാസംകൊണ്ട് സൃഷ്ടിക്കപ്പെടുന്നതുമാണ്. എല്ലാ വ്യവഹാരസ്ഥാനങ്ങളും വിശ്വാസാധിഷ്ഠിതവും അതിനാൽത്തന്നെ വിമർശനത്തിനും വിനിർമ്മിതിക്കും അതീതമാണെന്ന് വരുന്നു.

ഫലത്തിൽ, സംസ്കാരത്തെ നിർണ്ണയിക്കുന്നത് വിശ്വാസത്തിന്റെ വ്യാവഹാരികം (Belief Discursive) ആണെന്നു പറയേണ്ടിവരുന്നു. സാമൂഹികാവസ്ഥയെ നിർണ്ണയിക്കുന്ന ഭരണകൂടം, മതം, കുടുംബം, ബന്ധങ്ങൾ, ചോദനകൾ, കല, ശാസ്ത്രം, ഉല്പാദനവ്യവസ്ഥ എല്ലാം ഈ വിശ്വാസത്തിന്റെ വ്യാവഹാരികത്താൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രത്യയശാസ്ത്രഉല്പന്നങ്ങളാണ്. അപ്പോൾ പ്രത്യയശാസ്ത്രത്തെത്തന്നെ വിശ്വാസത്തിന്റെ വ്യാവഹാരികം എന്നു വിശേഷിപ്പിക്കേണ്ടതായും വരുന്നു.

ഈ ചർച്ചകളുടെ പരിണതി എന്ന നിലയിൽ, പ്രകൃതപഠനാവശ്യത്തിലേയ്ക്ക് '**വിശ്വാസവ്യാവഹാരികവിമർശം**' (Belief Discursive Critique) എന്നൊരു രീതിശാസ്ത്രത്തിന്റെ സിദ്ധാന്തവത്കരണം സാധിച്ചിരിക്കുന്നു. അത് എങ്ങനെ ആശ

യവാദവിരുദ്ധവും പ്രത്യയശാസ്ത്രവിമർശനപരവുമാകുന്നു എന്നു സ്ഥാപിക്കുകയാണ് പിന്നീട് ചെയ്തിരിക്കുന്നത്. മാർക്സിന്റെ 'പ്രതിഫലനം', അന്തോണിയോ ഗ്രാംഷിയുടെ 'ഹെജിമനി', ലൂയി അൽത്തുസറുടെ 'സംബോധന, കർത്തൃത്വവത്കരണം' എന്നീ സങ്കല്പനങ്ങളുമായി വിശ്വാസവ്യാവഹാരികവിമർശത്തെ അനുരൂപപ്പെടുത്തുവാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്.

ഈ തത്ത്വത്തിന്റെ പ്രയോഗക്ഷമത സ്ഥാപിക്കുവാനായി പ്രയോഗമാതൃകകളുടെ പത്ത് വിമർശനപാഠങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. മതവും ദൈവബോധവും, ഭരണകൂടം, സ്ത്രീജീവിതം, കുട്ടികളുടെ ലോകം എന്നിങ്ങനെ മേഖലകളെ നിർണയിച്ചിട്ടുള്ള ഒരു പഠനമാണ് ഈ പ്രബന്ധം. ആ നിലയിൽ ഈ വിമർശനപാഠങ്ങളിലും ആവിധമുള്ള ഒരു വിഷയനിർണയനമാണ് നിയാമകമാക്കിയിട്ടുള്ളത്.

സാംസ്കാരികപഠനം കേവലം സാഹിത്യപഠനമല്ല സാമൂഹികമാറ്റത്തെ ലക്ഷ്യമാക്കിയുള്ള വിമർശനപരവും വ്യാഖ്യാനാത്മകവുമായ സാംസ്കാരികപ്രവർത്തനമാണ് അത്. ഇന്ന് സാംസ്കാരികപഠനം പ്രമുഖമായ ഒരു കലാസാംസ്കാരിക സാമൂഹികവിമർശനപദ്ധതിയായി വളർന്നിട്ടുണ്ട്. ഒരു ജ്ഞാനമേഖല ആയിരിക്കത്തന്നെ അത് ഇതരജ്ഞാനമേഖലകളെയും പഠനപരിധിയിൽ ഉൾക്കൊള്ളുന്നു. പ്രത്യയശാസ്ത്രത്തെ ചൂഷണാധിഷ്ഠിതമായ ഒരു വ്യവസ്ഥിതി ആക്കുന്നതിലുള്ള പ്രതിഷേധവും പ്രതിരോധവും എന്ന നിലയിലാണ് അത് സ്ഥാനം ഉറപ്പിക്കുന്നത്. ആദർശവത്ക്കരിക്കപ്പെട്ട താത്പര്യങ്ങളുടെയും ഭാവുകത്വങ്ങളുടെയും സമിതിയിൽനിന്ന് സംസ്ക്കാരത്തെ ഇളക്കിപ്രതിഷ്ഠ നടത്തുകയോ അവയെ പുനർമൂല്യനിർണ്ണയത്തിന് വിധേയപ്പെടുത്തുകയോ ചെയ്യുന്നു സാംസ്കാരികപഠനം.

മതവും ദൈവബോധവും, ഭരണകൂടം, കുട്ടികൾ, സ്ത്രീകൾ എന്നീ വിഷയങ്ങളെ സംബന്ധിച്ച സാംസ്കാരികപഠനം എന്ന നിലയിൽ പത്ത് പാഠങ്ങളെ വിശ്വാസവ്യാവഹാരികവിമർശനം എന്ന സിദ്ധാന്തം ഉപയോഗിച്ച് അപഗ്രഥിച്ച് എല്ലാ പ്രയോഗസന്ദർഭങ്ങളിലും വിജയകരമായി നിഗമനത്തിലെത്താൻ കഴിഞ്ഞി

ട്ടുണ്ട്. ആ നിലയിൽ വിശ്വാസവ്യാവഹാരികവിമർശത്തിന് സാമൂഹികസാഹചര്യങ്ങളിലും പ്രയോഗക്ഷമത അവകാശപ്പെടാൻ കഴിയുന്നു. 'ബഷീർകൃതികളിലേയ്ക്ക്' എന്ന ലഘുഖണ്ഡത്തോടെ ഈ അദ്ധ്യായം അവസാനിപ്പിച്ചിരിക്കുന്നു.

അദ്ധ്യായം രണ്ട്

ദമനവും നിരാസവും : ഭരണകൂടവിചാരണ

വ്യവസ്ഥിതിയുടെ ഉത്പന്നംതന്നെയാണ് ഓരോ ഭരണകൂടവും. ശത്രുക്കൾ അഴിക്കുള്ളിലും ചുറ്റും കാവലിന് ആളും ഉള്ളവന്റെ ധീരതയാണ് അതിനുള്ളത്. ജനപക്ഷനിർമ്മിതികൾ എന്നു വിശ്വസിപ്പിച്ചുകൊണ്ടു ഭരണകൂടം പോലീസിനെയും പട്ടാളത്തെയും തടവറകളേയും നിയമങ്ങളേയും കോടതികളെയും സർക്കാരാഫീസുകളെയും ഒരുക്കിവയ്ക്കുന്നു. ഈ വിശ്വസിപ്പിക്കലിനായി ഇവയെത്തന്നെയും ദമനോപകരണങ്ങളായി ഉപയോഗിക്കുന്നു. ഭരണകൂടം ജനതയുമായി ഐകരൂപ്യത്തിലാണെന്നുള്ള തോന്നലുണ്ടാക്കുന്നു. പക്ഷേ, അതിന്റെ ആന്തിരക യാഥാർത്ഥ്യം ജനവിരുദ്ധമാണ്. ജനസമ്മിതിയുടെ ആവശ്യത്തിലേയക്ക് അത് ജനപക്ഷമാണെന്ന തോന്നലുണ്ടാക്കുംവിധം ഉപകരണങ്ങൾക്കൊണ്ടുള്ള സാംസ്കാരികഉല്പന്നങ്ങളിലൂടെ അധികൃതി നേടുന്നു.

ജനതയുടെ ഉത്പാദനപരമായ മൂല്യവ്യവസ്ഥയിൽ ആരോഗ്യകരമായി ഒട്ടും ഇടപെടുന്നില്ലെങ്കിലും ആ മൂല്യത്തെ അംഗീകരിക്കുന്നില്ലെങ്കിലും നികുതിയും നിയമവ്യവസ്ഥയുടെ നിയന്ത്രണവുംകൊണ്ട് മൂല്യത്തെയും മിച്ചമൂല്യത്തെയും തട്ടിയെടുക്കുന്ന ഒരു രീതിയാണു ഭരണകൂടത്തിനുള്ളത്. മതാത്മകമായ ഭരണകൂടവ്യവസ്ഥയിൽ, ഇവയ്ക്കൊപ്പം മതാത്മകനിയമവ്യവസ്ഥയും ഉപകരണങ്ങളും ചേർന്ന ഒരു ദമനവ്യവസ്ഥകൂടി ജനത്തിനുമീതെ സ്ഥാപിക്കപ്പെടുന്നു. ഭരണകൂടവും മതവും വ്യത്യസ്തമായിരിക്കുമ്പോഴാകട്ടെ പരസ്പരം കൈകോർത്ത് ജനത്തെക്കാൾ ഉയർന്ന സ്ഥാനത്തു രണ്ടും ഇരിപ്പുറപ്പിക്കുന്നു. ആശയവാദഭൗതികസംഘർഷങ്ങളുടെ ഒരു തുടർച്ചയാണു ചരിത്രം. ഇത്തരം സംഘർഷ സ്ഥലങ്ങളിൽ

പ്രാപഞ്ചികത്തെ ഒളിപ്പിക്കുകയും പ്രാപഞ്ചികേതരത്തെ അണിയുകയും ചെയ്യുന്ന ചിന്താത്മകമായ രൂപവ്യതിയാനങ്ങളെ സ്വീകരിക്കുന്നവരാണ് പുരോഹിതനും സന്ന്യാസിയും. വേഷത്തിലും രൂപത്തിലും വരുന്ന ഈ മാറ്റം ഒരു ഒളിച്ചുകളിയുടേതുതന്നെയാണ്.

ഭരണകൂടങ്ങൾ സൃഷ്ടിച്ച യുദ്ധങ്ങളിലും, വരാനും വരാനിടയില്ലാത്തതുമായ യുദ്ധങ്ങളെക്കുറിച്ചുള്ള എണ്ണമറ്റ ഭീഷണികളിലും എണ്ണമറ്റ എത്രകോടി ജനത മരിച്ചും, മരിച്ചുജീവിച്ചുമിരിക്കുന്നു ! ഏതോ അദൃശ്യനായ യജമാനനുവേണ്ടി ഏതോ ജനം ഏതോ ജനത്തിനെതിരെ നടത്തുന്ന ഹിംസാത്മകമായ അസംബന്ധമാണ് യുദ്ധം. ജൈവപ്രകൃതിയിൽ ഇന്ദ്രിയസ്വീകാര്യമായ അനുഭവങ്ങളും അധ്വാനമൂല്യവും തട്ടിയെടുക്കുകയോ ഒടുക്കുകയോ ചെയ്യുന്ന യുദ്ധത്തിന്റെ രീതിശാസ്ത്രം മനസ്സിലാക്കാത്ത മനുഷ്യർ യുദ്ധത്തിനെന്തിനാ പുല്ല് ? പഞ്ചസാര ? പണം? എന്നിങ്ങനെ നിഷ്ക്കളങ്കമായി ചോദിച്ചുകൊണ്ടിരിക്കുന്നു. യുദ്ധം മനുഷ്യരെ ജീവിതവിരോധിയായ ഈ ബോധലാഘവത്തിന് വിധേയരാക്കുകമാത്രം ചെയ്യുന്നു.വിശ്വാസ വ്യാവഹാരികത്തിന്റെ പരമമായ സൂക്ഷിപ്പുകാരും വ്യാഖ്യാതാക്കളും വിധികർത്താക്കളുമാണു കോടതികളും നീതിന്യായവ്യവസ്ഥയും. ബാഹ്യമോടിപിടിപ്പിക്കലുകൾക്കിടയിലെ ആന്തരികജീർണ്ണനത്തെ നീതിന്യായപീഠങ്ങൾ തിരിച്ചറിയുന്നത് അതിന്റെ തന്നെയും തകർച്ചയുടെ ഘട്ടത്തിലാണ്. വിശക്കുന്നവന് ഭക്ഷണംകൊടുക്കാൻപോലും ഉപകരിക്കാത്ത ഭരണകൂടവ്യവസ്ഥയോടു കലഹിക്കുന്ന പ്രകാരഭേദങ്ങളെയെല്ലാം അത് കൂടുതൽ കഠിനമായ നിയമങ്ങൾകൊണ്ട് നേരിടുന്നു. ദമനമാർഗ്ഗങ്ങൾക്കൊണ്ടും പ്രത്യയശാസ്ത്രപരമായ ധൈഷണികപ്രവർത്തനങ്ങൾക്കൊണ്ടും ആധിപത്യമാളുന്ന ഭരണകൂടത്തോട് നിരവധിയായ പ്രതികരണങ്ങളിലൂടെ യാഥാർത്ഥ്യം തിരിച്ചറിയുന്ന ജനം വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഈ അദ്ധ്യായത്തിൽ, ജനത്തെ കീഴാളവത്ക്കരിക്കുകയും ചൂഷണതാത്പര്യങ്ങൾക്കായി ശ്രേണീവത്ക്കരിക്കുകയും അടിമഉടമബന്ധത്തെ നിലനിർത്തു

കയും ചെയ്യുന്ന ഭരണകൂടത്തിന്റെ വ്യവാഹാരികത്തെ ചർച്ചാവിധേയമാക്കിയിരിക്കുന്നു. തുറുങ്കും കാവലും, ഉന്മാദികളുടെ അശ്വമേധങ്ങൾ, നീതിയുടെ ന്യായവ്യവസ്ഥകൾ, ഭരണകൂടനിരാസം എന്നിങ്ങനെ നാല് ഉപഖണ്ഡങ്ങളിലായി അപഗ്രഥനം നിർവ്വഹിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇരുപത്തഞ്ചിലധികം രചനകളെ പഠനവിധേയമാക്കിയാണ് നിഗമനത്തിലെത്തിയിട്ടുള്ളത്.

അദ്ധ്യായം മൂന്ന്

തഥ്യയും വിശ്വാസവും : മതവിചാരണ

മതം എങ്ങനെ അധീശശക്തിയായി പ്രവർത്തിക്കുന്നു എന്ന അന്വേഷണമാണ് ഈ ഖണ്ഡത്തിൽ അവതരിപ്പിച്ചിരിക്കുന്നത്. മതങ്ങൾ മനുഷ്യശക്തിയിൽ വിശ്വസിക്കാതിരിക്കുകയും എന്നാൽ മനുഷ്യകർമ്മങ്ങൾകൊണ്ടുതന്നെ ജനതയുടെ മേൽ ഉടമസ്ഥാനം നിർണ്ണയിക്കുകയും ചെയ്യുന്നു. പൗരോഹിത്യാധിപത്യത്തിൽ രൂപപ്പെട്ട അനുഷ്ഠാനപദ്ധതികൾക്ക് ഒരു കപടശാസ്ത്രീയത ചാർത്തിക്കൊടുത്തുകൊണ്ട് വിശ്വാസവ്യാവഹാരികത്തെ പ്രബലപ്പെടുത്തുകയാണ് മതങ്ങൾ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്നത്. പുരോഹിതകേന്ദ്രിതമായ മതാത്മകതയിൽ വിശ്വാസം അനുഷ്ഠാനങ്ങളിൽനിന്നും അനുഷ്ഠാനങ്ങൾ പുരോഹിതനിൽ നിന്നും വരുന്നു. എത്രമാത്രം അനുഷ്ഠാനബദ്ധമാണോ അത്രമാത്രം മതാത്മകതയും ശക്തമാക്കപ്പെടുന്നു. അതുകൊണ്ട് മതാധിപത്യം അനുഷ്ഠാനങ്ങളെ നിർബന്ധമാക്കുകയും വിപുലപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കും. മതങ്ങൾ മനുഷ്യശക്തിയിൽ വിശ്വസിക്കാതിരിക്കുകയും അനുഭവങ്ങൾക്കുമേൽ ഭൗതികേതരമായ അയുക്തികകാരണങ്ങളെ ആരോപിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. കാര്യത്തെ അസത്യമാക്കുകയും കാരണത്തെ സത്യസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും ചെയ്യുന്ന രീതിയാണിത്. അസത്യത്തിനുവേണ്ടി സത്യത്തെ തിരസ്കരിക്കാൻ ആവശ്യപ്പെടുന്ന വിശ്വാസപ്രമാണത്തെ അത് മനുഷ്യരിൽ അടിച്ചേല്പിക്കുന്നു.

മതങ്ങളുടെ നിലനില്പു വഴിയിലെ അനുഷ്ഠാനങ്ങളുടെ നിർവഹണത്തിലും പ്രാപഞ്ചിക ഭൗതികങ്ങൾ ഉപകരണങ്ങളാക്കപ്പെടുന്നു. പ്രാപഞ്ചികത്തിൽ

നിലകൊള്ളുകയും പ്രപഞ്ചാതീത കാര്യകാരണബന്ധത്തിൽ അനുഭവങ്ങളെ കൊരുത്തിടുകയും ചെയ്യുന്ന വൈരുദ്ധ്യമാണ് മതം. ബഷീറിന്റെ മതാത്മകചർച്ചകളും വിമർശനങ്ങളും സാമൂഹികമായ ഒരു ഇടപെടൽ സ്ഥലം ഒഴിവാക്കുകയും എല്ലാ മതങ്ങളെയും കുറിച്ച് പഠിച്ച് സന്യാസിയായി ഒഴിഞ്ഞു മാറുന്നവന്റെ പ്രായോഗിക നിസ്സംഗതയെ പുണരുകയും ചെയ്യുന്നു. ദുരിതങ്ങൾ ദൈവനിശ്ചിതമാണെന്നും മൂല്യങ്ങളുടെ സ്രഷ്ടാവും പാലകനും ദൈവമാണെന്നും അവയിലൂടെ ദുരിതപരിഹാരകനാകുന്നതും ദൈവമാണെന്നും മതബോധനത്തിലൂടെ പഠിപ്പിക്കപ്പെടുന്നു. സഹജചോദനകളെ ചിന്താശേഷി ഉപയോഗിച്ച് കൂടുതൽ ഗുണപരമാക്കാനുള്ള ശ്രമമാണ് നന്മയെക്കുറിച്ചും ധാർമ്മിക മൂല്യങ്ങളെക്കുറിച്ചുമുള്ള ഒരു പെരുമാറ്റ വ്യവസ്ഥയെ സൃഷ്ടിക്കുന്നത്. മേൽ സൂചിപ്പിച്ച ദൈവവഴികളുടെ നടത്തിപ്പു ചുമതല ഏൽപ്പിക്കപ്പെട്ടിരിക്കുന്നത് മതങ്ങൾക്കാണെന്ന് മതമേൽക്കോയ്മ വിശ്വാസികളെ ധരിപ്പിച്ചിട്ടുണ്ട്. ഇത്തരം ധാരണകളിൽ മുറുകെപ്പിടിക്കുന്ന മനുഷ്യർക്കും കഠിനാനുഭവങ്ങളുടെ ഘട്ടത്തിൽ മതം നിഷ്പ്രയോജനമായിത്തീരുന്നു. നിരാശതയുടെയും പ്രതിഷേധത്തിന്റെയും ഇത്തരം സന്ദർഭങ്ങളിൽ മനുഷ്യരുടെ ചെയ്തികൾ ഭരണകൂട നിയമങ്ങൾക്കും സാമുദായിക നിയമങ്ങൾക്കും എതിരാകുകയും അവരെ കുറ്റവാളിയാക്കി ശിക്ഷിക്കുന്നതിൽ മതവും ഭരണകൂടവും കൈ കോർക്കുകയും ചെയ്യുന്നു. ഇരയാക്കപ്പെടുന്ന സ്ത്രീകൾ പോലും ഇത്തരം മതപാഠങ്ങളെ വിചാരണവിധേയമാക്കുവാനോ വ്യവസ്ഥയ്ക്കു പുറത്തേയ്ക്കു സഞ്ചരിക്കുവാനോ തയ്യാറാകുന്നില്ല. മതങ്ങൾ നന്മയാണെന്നും മതാംഗമായ മനുഷ്യനാണു തിന്മയെ സൃഷ്ടിക്കുന്നതെന്നും സമാശ്വസിച്ച് മതാധിപത്യത്തിന്റെ വിധേയത്വത്തെ പ്രാപിക്കുകയാണു അവർ ചെയ്യുന്നത്. ദൈവികമോ മതാത്മകമോ അല്ലാത്ത ഭൗതികത്തിന്റെ കാര്യകാരണബന്ധത്തിൽ ഉരുത്തിരിയുന്ന ഇടപെടലുകളിലൂടെ മാത്രമേ മേൽപ്പ

റഞ്ഞ പുരുഷഹീനതകളോട് പ്രതിക്രിയ സാധിക്കുകയുള്ളൂ.

മതഭേദബോധങ്ങളും മതപക്ഷമാർന്ന കലാപങ്ങളും കഠിനതകളും മനുഷ്യന്റെ സ്വത്വാവിഷ്കരണപരതയെ ബന്ധിക്കുകയും ജീവിതനിർമ്മിതികളെ അനുഭവയോഗ്യമല്ലാതാക്കുകയും ചെയ്യുന്നു. ആദ്യചുംബനം മുതൽ അന്ത്യചുംബനം വരെയുള്ള സകല ഇന്ദ്രിയാനുഭവങ്ങളും മതത്തിന്റെ നിയന്ത്രണത്തിലാക്കപ്പെടുന്നു. പുരുഷകേന്ദ്രിതമായ അതിന്റെ അബോധയുക്തികൾ സ്ത്രീകളെയും കുട്ടികളെയും വിശ്വാസവ്യാവഹാരികത്തിന്റെ വില കുറഞ്ഞ അസംസ്കൃതവസ്തുക്കളോ ഉപകരണങ്ങളോ ഉത്പന്നങ്ങളോ ആക്കുന്നു. മാതാത്മകതയുമായുള്ള സംവാദത്തിൽ വിശ്വാസികളെയും പരാജയം ഉറപ്പിച്ച സന്ദേഹികളേയും മാത്രം ഉൾപ്പെടുത്തി മതം നിലനിൽപ്പിന്റെ അടവുനയങ്ങളുമായി അല്ലലില്ലാതെ വാഴുന്നു എന്നാണ് പറയേണ്ടത്.

സ്ഥലകഥകൾ, ബാല്യകാലസഖി, പ്രേമലേഖനം, ശബ്ദങ്ങൾ, ന്റുപ്പാപ്പാക്കൊരാനേണ്ടാർന്ന്....... എന്നീ രചനകളെ നാല് ഉപശീർഷകങ്ങൾക്കു കീഴിൽ പഠനവിധേയമാക്കിയിട്ടുണ്ട്. വിശ്വാസം: കലഹവും സന്ദേഹവും എന്ന ഖണ്ഡത്തിൽ ബഷീർചിന്തകൾ പൊതുവിൽ അടയാളപ്പെടുത്തുന്ന മതാത്മകസംസ്കാരത്തെ വിചാരണവിധേയമാക്കുന്നുണ്ട്. ഇരുപതിലധികം രചനകളിലെ മതസംസ്കാരത്തിന്റെ ചിഹ്നങ്ങളുടെ അപഗ്രഥനം സാധിച്ചിരിക്കുന്നു.

അദ്ധ്യായം നാല്

തിരസ്കൃതരുടെ പാർപ്പിടങ്ങൾ : സ്ത്രീജീവിതം

ജനജീവിതത്തിൽ ഇടപെടുന്ന പ്രബല ഉടമസ്ഥാനങ്ങളാണു ഭരണകൂടവും മതവും. അവതമ്മിൽ ആധിപത്യം പുലർത്തിയും കലഹിച്ചും കൈകോർത്തും അടവുനയങ്ങൾ പയറ്റിയും ജനങ്ങളെ വിശ്വാസവ്യാവഹാരികത്തിൽ നിലനിർത്തുന്നു. ഇവ രണ്ടും പുരുഷകേന്ദ്രിതമായ യുക്തികളിൽ നിർണ്ണനം ചെയ്യപ്പെട്ടിരിക്കുന്നു. ഈ വിധമായ സമുദായാവസ്ഥയിൽ സ്ത്രീജീവിതം എങ്ങനെ സ്ഥാന

പ്പെട്ടിരിക്കുന്നു എന്ന അന്വേഷണമാണ് ഈ .അദ്ധ്യായത്തിൽ നിർവ്വഹിക്കാൻ ശ്രമിച്ചിട്ടുള്ളത്.

ലൈംഗികതയുടെ വ്യവസ്ഥിതീബദ്ധമായ അനുവാദഘടനയായി വിവാഹത്തെ അവതരിപ്പിക്കുമ്പോൾ പുരുഷൻ ഭർത്താവായും സ്ത്രീ ഭാര്യയും എന്നു സ്ഥാനപ്പെടുത്തുന്നു. രണ്ടിലും കർത്തൃത്വവത്കരണമുണ്ടെങ്കിലും സ്ത്രീക്കു വേണ്ടിയുള്ള ഒരു പ്രത്യേക വിധേയത്വവത്കരണംകൂടി ഉൾച്ചേർന്നിരിക്കുന്നു എന്നതാണ് കൂടുതൽ പ്രസ്താവ്യം. സ്ത്രീയും പുരുഷനും ആയിരിക്കുന്നത് ലൈംഗികതയുടെ വ്യത്യാസത്തിലാണ്. ലൈംഗികതയുടെ ജീവശാസ്ത്രപരമായ സ്വഭാവം വിരുദ്ധ ലൈംഗികതയോടുള്ള ആകർഷണമാണ്. ഈ ആകർഷണമാണ് പ്രണയം. ആകർഷണം എന്നത് സഫലീകരിക്കപ്പെടുന്നത് ഇന്ദ്രിയാനുഭവങ്ങളിലൂടെയാണ്. ഭരണകൂടവും മതവും ചേർന്ന ഒരു നിയമവ്യവസ്ഥയിൽ അധീശത്വം ആണ് കാര്യങ്ങളെ നിയന്ത്രിക്കുന്നത്. അതിനാൽ ലൈംഗികതയെയും പ്രണയത്തെയും ചീത്തയായും പാപമായും കരുതുവാൻ മതാത്മകത ശ്രമിക്കുന്നു. നിയമമാർഗങ്ങളാൽ ശിക്ഷാവിധേയമാക്കാനാണു ഭരണകൂടം ശ്രമിക്കുന്നത്. സുഖഭോഗാസക്തി, സ്വത്തുസംരക്ഷണം, ചൂഷണം തുടങ്ങിയ പുരുഷപക്ഷത്തിന്റെയും വ്യവസ്ഥിതിയുടെയും താത്പര്യങ്ങളെയോ സമാദായാവസ്ഥയുടെ ഗുണപരതയിൽ ലൈംഗികതയെ പുനർനിർവ്വചിച്ചു പ്രതിഷ്ഠിക്കേണ്ടതിനെയോ ഇവിടെ പ്രശ്നവത്ക്കരിക്കുന്നില്ല.

കുടുംബം, തൊഴിൽസ്ഥലങ്ങൾ, തെരുവ്, ചേരി, അധ്യാപകസങ്കേതങ്ങൾ തുടങ്ങി സകല ഇടങ്ങളിലും സ്ത്രീകൾ അപ്രധാനകോടിയിലാക്കപ്പെട്ടിരിക്കുന്നു. വിനിമയവസ്തുവിന്റെ അചേതനത്വം സ്ത്രീയിൽ ആരോപിക്കുന്നതാണ് വ്യവസ്ഥിതിയ്ക്കു സ്വീകാര്യമായിട്ടുള്ളത്. സ്ത്രീയുടെ ജൈവശക്തിയെ പുരോഗമനപരമായ ജീവിതനിർമ്മിതിയ്ക്ക് തടസ്സമാകുന്ന കർതൃത്വങ്ങളായാണ് പുരുഷാധിപത്യം പരിശീലിപ്പിച്ച് സ്ഥാപിക്കുന്നത്. സ്ത്രീയെ സ്ത്രീയെക്കൊണ്ടുപോലും ദമി

തയാക്കുന്ന കൗശലവും അവിടെ നടപ്പിലുണ്ട്. പ്രണയം, ലൈംഗികത, വിശപ്പ്, സുരക്ഷിതത്വം തുടങ്ങിയ ജൈവീകചോദനകളുടെ സഫലീകരണങ്ങൾ പുരുഷ പക്ഷമാർന്നവയാണ്. ബന്ധങ്ങളിലെ കർതൃത്വസ്ഥാനങ്ങളെ വിമർശനവിധേയ മാക്കുമ്പോഴാണ് അവയിലെ ഉച്ചനീചത്വങ്ങളെ തിരിച്ചറിയുന്നതും മെച്ചപ്പെട്ടതിനെ തിരഞ്ഞെടുക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്നതും. ഇത്തരം അനുഭവപാഠ ങ്ങളെ സാമൂഹികാവസ്ഥയിലേയ്ക്ക് പ്രായോഗികമാക്കുകയാണ് മനുഷ്യ ജീവിതത്തെ വീണ്ടെടുക്കാനുള്ള മാർഗ്ഗം. പുരുഷാധിപത്യപ്രത്യയശാസ്ത്രഘടന യിൽനിന്ന് മനുഷ്യജീവിതത്തെ വീണ്ടെടുക്കുക എന്നാൽ സ്ത്രീജീവിതത്തെ വീണ്ടെടുക്കൽതന്നെയാണ്. സമുദായഘടനയിലെ അധീശശക്തികൾ സ്ത്രീജീ വിതത്തെ ഇരജീവി തമാക്കുന്നതിന്റെ നാനാവ്യവഹാരങ്ങളും പരിണതികളുമാണ് ഇവിടെ വിശകലനം ചെയ്തിട്ടുള്ളത്. ഇരയിടങ്ങളും ഇത്തിരിവെട്ടവും, പ്രണയ ത്തിന്റെ അപരായനങ്ങൾ, ഉപസംഹാരം എന്നിങ്ങനെ ഈ അധ്യായത്തിന്റെ ഘടന നിർണയിച്ചിരിക്കുന്നു.

അദ്ധ്യായം അഞ്ച്

ബാല്യത്തിന്റെ കല്ലെഴുത്തുകൾ : കുട്ടിക്കാലം

ബാല്യത്തെ കഠിനകാലമാക്കുന്ന സമുദായനീതിയുടെ വഴികളെയും ബാല്യ ത്തിന്റെ സർഗ്ഗാത്മകതയെ തല്ലിക്കെടുത്തുന്ന ശീലവത്ക്കരണങ്ങളെയും ഈ അദ്ധ്യായത്തിൽ പഠനവിധേയമാക്കിയിരിക്കുന്നു.

മുതിർന്നവരുടെ ചിന്തയിലും വാക്കിലും ബാല്യം ഒരു മോഹനകാലഘട്ട മായി അനുസ്മരിക്കപ്പെടുന്നു; അവതരിപ്പിക്കപ്പെടുന്നു. സാഹിത്യത്തിലാകട്ടെ, ബാല്യകൗമാരങ്ങളുടെ നിറം പിടിച്ച വർണ്ണനകളും അയവിറക്കലുകളും തിരിച്ചു വരവുകളും വീട്ടുനോവുകളും നിരന്നു നിറഞ്ഞു കിടക്കുന്നു. എന്നാൽ കുട്ടിയുടെ അനുഭവയാഥാർത്ഥ്യം ഇതൊന്നുമല്ല.കൂടപ്പിറപ്പുകളും കൂട്ടുകാരും ഇല്ലാത്ത അപു രിതവും അർത്ഥശൂന്യവുമായിത്തീരുന്ന ബാല്യങ്ങളെ സംസ്കൃതി പലപ്പോഴും

പരിഗണിക്കുന്നേയില്ല. ഈ യാഥാർത്ഥ്യത്തെ കുട്ടികളുടെ പക്ഷത്തുനിന്നുകൊണ്ട് ചർച്ചാവിധേയമാക്കുവാൻ പോരുംവിധം ആർജ്ജവം ആർന്നവയല്ല പരമ്പരാഗത മാതൃത്വപിതൃത്വങ്ങൾ. കുട്ടികൾക്ക് ബോധ്യമാകാത്ത കുറ്റങ്ങളും കുറവുകളും ആരോപിക്കുകയും ശിക്ഷകളും ശിക്ഷണങ്ങളും നടപ്പാക്കുകയും ചെയ്യുന്നു സമൂഹം. ഹിംസാത്മകതകൊണ്ട് ബാലജീവിതങ്ങളെ ദുരന്തമുഖങ്ങളിലേയ്ക്ക് നയിക്കുകയാണ് അതിന് സ്വീകാര്യമായത്.

വിദ്യാഭ്യാസപ്രക്രിയ കുട്ടികൾക്കുവേണ്ടിയുള്ളതാണ്. എന്നാൽ വിദ്യാലയങ്ങളും അധ്യാപകരും അവരെ അങ്ങേയറ്റം അപ്രധാനീകരിച്ചിരിക്കുന്നു. അധ്യാപകന്റെ അധികാരബോധത്തെ അതിബോധംകൊണ്ട് മറികടക്കുന്ന കുട്ടി അപമാനിതനാ/.യാകുന്നു. കുട്ടിയുടെ സത്യം നിന്ദ്യവും കാപട്യം വന്ദ്യവുമായിത്തീരുന്ന അപചിതഘടനയാണ് വിദ്യാലയത്തിന്റേത്. നിരാർദ്രമായ ശിഥിലസംസ്കൃതിയുടെ ഇരുളിടങ്ങളിൽ സഹനവും കാരുണ്യവും ത്യാഗവും ധീരതയും ഉത്സാഹവും കൊണ്ട് വെളിച്ചത്തിന്റെ സർഗകാലത്തെ സൃഷ്ടിക്കുന്നു കുട്ടികൾ.

ലോകം കണ്ടില്ലെന്നു നടിക്കുന്ന ബാല്യത്തിന്റെ അപരസ്ഥലികളെക്കുറിച്ചുള്ള വാങ്മയങ്ങളിലൂടെ മലയാളിയുടെ അലസവായനവഴികളെ അസ്വസ്ഥനാക്കിയ എഴുത്തുകാരനാണ് ബഷീർ. ശിശുജീവിതനിരാസപരമായ സാമൂഹികസാഹചര്യങ്ങളോടുള്ള പ്രതിഷേധമായി പ്രസക്തകൃതികളെ വായിച്ചെടുക്കാൻ കഴിയുന്നു. പിറവിയെ നിരോധിക്കുന്ന, പിറക്കാൻ ഇടവും പിറന്നവർക്കു വളർച്ചയും നിഷേധിക്കുന്ന മൃത്യുപാന്തമായ കീഴാളസംസ്കൃതിയുടെ സ്രഷ്ടാക്കളോടുള്ള പ്രതിക്രിയാധർമ്മമുണ്ട് ഈ രചനകൾക്ക്. ഓരോ കുട്ടിയും ജീവിതത്തിന്റെ തുടർച്ചയെ അടയാളപ്പെടുത്തുന്നു. ഓരോ പിറവിയും ഓരോ കുട്ടിക്കാലവും കരുതലോടെ കാക്കപ്പെടേണ്ടതുണ്ട്. സർഗാത്മകതയെ തിരിച്ചറിയാനോ, പരീക്ഷിച്ചറിയാനോ കഴിയാത്തവിധം നിസ്സഹായമായ ബാല്യത്തിന്റെ ദിനമുഖങ്ങളെ വായനക്കാരന്റെ മുൻപിൽ അവതരിപ്പിച്ചുകൊണ്ടാണ് ഈ ചർച്ചാപാഠത്തെ ബഷീർ രൂപ

പ്പെടുത്തിയിട്ടുള്ളത്. കുട്ടിക്കാലത്തെ അപ്രാധാനീകരിക്കുന്ന സാമൂഹികസാഹചര്യങ്ങളോടു കലഹിക്കുകയായിരുന്നു ബഷീർ. അദ്ദേഹം പിറവിയുടെ മൂല്യവിചാരണതന്നെ നിർവഹിച്ചു. ഒരേസമയം നിരാലംബവും സർഗാത്മകവുമായ ബാലജീവിതയാഥാർത്ഥ്യങ്ങളെ താരതമ്യവിധേയമാക്കി ത്രികാലബന്ധമായ ഒരു വിദ്യാഭ്യാസ പരിപ്രേക്ഷ്യത്തിൽ അസാധാരണസമഗ്രതയോടെ ബാല്യത്തെ ആഖ്യാനവിഷയമാക്കിയിട്ടുണ്ട് ആ രചനകൾ. രമിക്കലും പിറക്കലും സംബന്ധിച്ച സാംസ്കാരികഅടയാളപ്പെടുത്തലുകൾ, കുട്ടിക്കാലത്തിൽ ചേർത്തുവയ്ക്കപ്പെട്ട നീചാനുഭവങ്ങൾ, അവയും അവയുടെ വ്യാവഹാരികങ്ങളും ചേർന്ന വിദ്യാഭ്യാസവും അതിന്റെ വിനിർമ്മിതിയും, ബാല്യത്തിന്റെ സഹജവും അപ്രതിരോധ്യവുമായ സർഗ്ഗാത്മകത, ഈ വിധം ഈ അധ്യായത്തിലെ വിചാരലോകത്തെ ക്രമീകരിച്ചിരിക്കുന്നു. പിറവിയുടെ മൂല്യവിചാരണ, വിലപേശാത്ത വിലാപങ്ങൾ, വിദ്യാബോധവിനിർമ്മിതി, വെളിച്ചത്തിന്റെ സർഗ്ഗകാലം എന്നിങ്ങനെ നാല് ഉപഖണ്ഡങ്ങളാണ് ഇതിനായി ഉപയോഗിച്ചിട്ടുള്ളത്. ഇരുപതിൽ അധികം കൃതികളെ ഇവിടെ വിശകലനാവശ്യങ്ങൾക്കു പരിഗണിച്ചിട്ടുണ്ട്.

അദ്ധ്യായം ആറ്

ഉപസംഹാരം

ആവർത്തനവും വാചാലതയും ഒഴിവാക്കിക്കൊണ്ട് അഞ്ച് അധ്യായങ്ങളിലെ അപഗ്രഥനനിഗമനങ്ങളെ സംക്ഷേപിച്ചുക്രോഡീകരിച്ചിരിക്കുന്നു. ഈ പഠനപ്രവർത്തനഘട്ടങ്ങളിൽ രചനയെയും രചയിതാവിനെയും സംബന്ധിച്ച് ശ്രദ്ധേയമെന്നു തോന്നിയ നിരീക്ഷണങ്ങൾ, തുടർപഠനസാധ്യതകൾ ഇവയെ ഒരു പൊതുപരിപ്രേക്ഷ്യത്തിൽ സംക്ഷേപിക്കുവാനും ശ്രമിച്ചിട്ടുണ്ട്.

ഗ്രന്ഥസൂചി

DR. K. SARAMMA M.A. PhD.
READER & HOD
DEPT. OF MALAYALAM
B.A.M. COLLEGE, THURUTHICAD